**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4035    16/12/2014-ൽ മറുപടിക്ക്**

# കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും , എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ; | (എ) വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതിയിൽ 18.345 കിലോ മീറ്റർ 11 കെ.വി.ലൈൻ വലിക്കുകയും 35 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42.093 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 7.005 കിലോ മീറ്റർ ത്രീ ഫേസ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 294.76 ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 5 കിലോ മീറ്റർ 11കെ.വി.ലൈൻ വലിക്കുകയും 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 11 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക് കുകയും 2.19 കിലോ മീറ്റർ ത്രീ ഫേസ് ലൈൻ വലിക്കുകയും 1.89 കി.മീ. സ്ട്രീറ്റ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 98.25 ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>പ്രസ്തുത കാലയളവിൽ ഈ മണ്ഡലത്തിൽ 11812 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തു. പ്രസരണ മേഖലയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 110 കെ.വി. കൊയിലാണ്ടി സബ്സ്റ്റേഷനിലെ 10 എം.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളിൽ ഒന്ന് മാറ്റി പകരം 20 എം.വി.എ. ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിന് |

1,12,30,000/- രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമർ വാങ്ങിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ നിലവിലുള്ള കൊയിലാണ്ടി, വടകര 110 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള ജോലികൾ 3,25,66,202 രൂപ അടങ്കൽ തുക കണ ക്കാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

(ബി)യും (സി)യും ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഇതുവരെയായി 19.395 കിലോ മീറ്റർ 11 കെ.വി.ലൈൻ വലിക്കുകയും 31 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 7.435 കിലോ മീറ്റർ ത്രീ ഫേസ് ലൈൻ വലിക്കുകയും 26.355 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുകയും ചെയ്തു. ഇതിനായി ഇതുവരെ 291.73 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി. ബാക്കി 68.29 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഇതുവരെയായി 0.082 കിലോ മീറ്റർ 11 കെ.വി.ലൈൻ വലിക്കുകയും 1 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 10.386 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 537 ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 46.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ